പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3224 16.12.2015 ൽ മറുപടിയ്ക്ക്

**കോഴിക്കോട് ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റ് ജില്ലാ ഓഫീസിൽ ശമ്പളം ലഭിക്കാത്തത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | കോഴിക്കോട് ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റ് ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് ഡിസംബർ മാസത്തെ ശമ്പളം നാളിതു വരെയും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. 2015 നവംബർ മാസത്തെ ശമ്പളം ഫണ്ടില്ലാത്തത് കാരണം നൽകാൻ കഴിഞ്ഞിട്ടില്ല. |
| ബി) | ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | ഇതു സംബന്ധിച്ച പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല. |
| സി) | പ്രസ്തുത ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകാത്തതിന് ആരാണ് ഉത്തരവാദിയെന്ന് വ്യക്തമാക്കാമോ; | സി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു ലഭിക്കാത്തതാണ് കാരണം |
| ഡി) | ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നു വെളിപ്പെടുത്തുമോ? | ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ